MALAYALA MANORAMA 14.01.2018

# ‘പുനർജനി’ കാർഷിക പ്രദർശനമേള ആരംഭിച്ചു

വടക്കാഞ്ചേരി • കേരള കാർഷിക സർവകലാശാല ഹോർട്ടികൾച്ചർ കോളജിലെ നാലാം വർഷ ബിരുദ വിദ്യാർഥികളും നഗരസഭയും ചേർന്നു നഗരസഭ കാര്യാലയത്തിനു സമീപം ആരംഭിച്ച കാർഷിക പ്രദർശനമേള ചലച്ചിത്രതാരം രചന നാരായണൻകുട്ടി ഉദ്ഘാടനം ചെയ്തു.

നഗരസഭ ഉപാധ്യക്ഷൻ എം.ആർ.അനൂപ്കിഷോർ അധ്യക്ഷത വഹിച്ചു. നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ എം.ആർ. സോമനാരായണൻ, ഡോ. ജയശ്രീ കൃഷ്ണൻകുട്ടി എന്നിവർ പ്രസംഗിച്ചു. കാർഷിക സർവകലാശാലയുടെ ‘പുനർജനി’ സഹവാസ പരിപാടിയുടെ ഭാഗമായാണു കാർഷികമേള.

10 സ്റ്റാളുകളിലായി കാർഷിക സർവകലാശാലയുടെ വിവിധ ഉൽപന്നങ്ങളുടെയും നൂതന കാർഷിക വിദ്യകളുടെയും പ്രദർശനവും വിപണനവുമാണ് ഒരുക്കിയിട്ടുള്ളത്.

മേളയോടനുബന്ധിച്ചു കർഷകർക്കായി വിവിധ സെമിനാറുകളും പരിശീലന പരിപാടികളും സ്കൂൾ വിദ്യാർഥികൾക്കായി വിവിധ മൽസരങ്ങളും നടത്തിയിരുന്നു. വടക്കാഞ്ചേരി പുഴ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാർഥികൾ നാട്ടുകാരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും തേടി നടത്തിയ ആദ്യഘട്ട സർവേയുടെ ‘സിറ്റിസൺസ് റിപ്പോർട്ട്’ ഇന്ന് 5.30നു നടക്കുന്ന മേളയുടെ സമാപന സമ്മേളനത്തിൽ മന്ത്രി എ.സി. മൊയ്തീൻ പ്രകാശനം ചെയ്യും.